വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, ഈ സംസ്ഥാനത്ത് ഒൻപത് ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളാണുള്ളത്. അതിൽ ഒന്ന് ട്രെയിനിംഗ് സ്ക്കൂളാണ്. മറെറാന്ന് യു. പി. സ്കൂളാണ്. ബാക്കി ഏഴും ഹൈസ്കൂളുകളാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ പല പ്രശ്നങ്ങളുമുണ്ട്. ഈ ഹൈസ്കൂളുകളിൽ അഞ്ച് ഹൈസ്കൂളുകൾക്കാണ് എയിഡ് വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ബാക്കി നാലു സ്കൂളുകൾ എയിഡൊന്നുമില്ലാതെ സ്വന്തമായി നടത്തിക്കൊള്ളാമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇവരുടെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. വളരെവേഗം പരിഹാരം കാണാൻ സാധിക്കുന്നതല്ല. കോടതി ചില റൂൾസ് സ്ട്രൈക്ക് ഔട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇവരുടെ പ്രശ്നത്തിന് പരിഹാരം കാണുകയില്ലെന്നല്ല ഗവൺമെൻറിൻെറ അഭിപ്രായം. പരിഹാരം കാണേണ്ടതാണ്. ഇതിനകംതന്നെ ഗവൺമെൻറ് സെക്രട്ടറിയും ഡി. പി. ഐ.-യും സ്കൂൾ അധികൃതരുമായി ചില ചർച്ചകൾ നടത്തിയിട്ടുണ്ട്. മിക്കവാറും ഒരു മാസത്തിനുള്ളിൽ ഞാൻ തന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്താൽ പ്രശ്നങ്ങൾക്ക് കഴിയുന്ത്ര പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഇത് കൊണ്ടുവരുന്നതോടൊപ്പം മാനേജുമെൻറ് ഈവക കാര്യങ്ങളിൽ സഹകരിക്കണമെന്ന് അവരോട് ഉപദേശിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്. എന്തായാലും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാം.

(ii) വൈദ്യുതി തകരാറ് മൂലം ഏലൂർമേഖലയിലെ വൻകിട വ്യവസായങ്ങൾക്കുണ്ടായ നഷ്ടം

ശ്രീ. എ. സി. ജോസ്: സർ, കേരളത്തിൻെറ വ്യവസായ സ്ഥാപനങ്ങളായ ആലുവ മേഖലയിലെ വ്യവസായങ്ങൾ വൈദ്യുതി തകരാറുമൂലം നേരിടുന്ന ഗുരുതരമായ സ്ഥിതിയെക്കുറിച്ച് ഈ സഭയുടേയും ഗവൺമെൻറിൻെറയും ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ വൻകിട വ്യവസായമായ എഫ്. എ. സി. ടി., ടി. സി. സി., ഐ. ആർ. ഇ., അലൂമിനിയം കമ്പനി, ഹിന്ദുസ്ഥാൻ പെസ്റ്റിസൈഡ്സ് തുടങ്ങിയ ഇരുപതോളം വൻകിട വ്യവസായങ്ങളാണ് അവിടെ പ്രവർത്തിക്കുന്നത്. അവയെല്ലാം അവിടെ ഉണ്ടാകാനുള്ള പ്രധാനമായ കാരണം വെള്ളത്തിൻെറ സൗകര്യവും ഇലക്ട്രിസിറ്റിയുടെ ലഭ്യതയും ഉള്ളതുകൊണ്ടാണ്. ഈ സ്ഥാപനങ്ങൾക്കെല്ലാംതന്നെ ഒരു വർഷമായി തുടർച്ചയായി പ്രവർത്തിക്കാൻ പറ്റാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. എഫ്. എ.സി.ടി. മാത്രം ഉദാഹരണമായി എടുക്കാം. ജൂലൈ മാസം 11-ാം തീയതി മുതൽ ആഗസ്റ്റുമാസം 10-ാം തീയതിവരെ ഒൻപതു പ്രാവശ്യം വൈദ്യുതി നിലയ്ക്കുകയുണ്ടായി. ഒരു പ്രാവശ്യം വിദ്യുച്ഛക്തിയുടെ തകരാറ് ഉണ്ടായാൽ, കറൻറ് ഫെയിലുവറായാൽ ഒരു പ്ലാൻറ് പുനരാരംഭിക്കണമെങ്കിൽ മുപ്പത്തു നാല്പതു മണിക്കൂർ ആവശ്യമായിവരും. നാല്പത് മണിക്കൂർ എഫ്. എ. സി. ടി. പ്ലാൻറുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെവരും. എഫ്. എ. സി. ടി. ഉദ്യോഗമണ്ഡലിൽ മാത്രം മൂന്ന് ഷിഫ്റ്റ് പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ വരുന്ന നഷ്ടം 17 കോടി രൂപയാണ്. അങ്ങനെ നോക്കിയാൽ ജൂലൈ 11-ാം തീയതി മുതൽ ആഗസ്റ്റ് 10-ാം തീയതിവരെ ഇലക്ട്രിസിറ്റി ഫെയിലായതുകൊണ്ടും വോൾട്ടേജ് കുറവാ

LIBRARY ARCHIVES Kerala Legislative Assembly

യതുകൊണ്ടും എഫ്. എ. സി. ടി.-ക്ക് മാത്രം ഉണ്ടായിട്ടുള്ള നഷ്ടം രണ്ടു കോടി രൂപയാണ്. ഈ വർഷം അതിനേക്കാൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കണക്കുകളുടെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ജൂലൈ 11-ാം തീയതിക്കു മുമ്പ് ഒരുവർഷം വിദ്യുച്ഛക്തി പൂർണ്ണമായി സ്തംഭിച്ചത്, വോൾട്ടേജ് ഡിഫോൾട്ടായത് 24 പ്രാവശ്യമാണ്. ഏപ്രിൽ 11-ാം തീയതി മുതൽ മേയ് 10-ാം തീയതിവരെ 8 പ്രാവശ്യവും ജൂൺ 11-ാം തീയതി മുതൽ ജൂലൈ 10-ാം തീയതിവരെ 5 പ്രാവശ്യവും തകരാറുണ്ടായി. ഇലക്ട്രിസിറ്റി തകരാറ് ഉണ്ടാകുന്ന ഓരോ പ്രാവശ്യവും ആവശ്യമായ നടപടിയെടുത്തില്ലെങ്കിൽ എത്തെങ്കിലും പ്ലാൻറ് ശരിയായ രീതിയിൽ സെറ്റ് ഓൺ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ആ പ്ലാൻറുകളുടെ ആയുർദൈർഘ്യം കുറയാനിടയുണ്ടെന്നുള്ളതു് ഈ സഭയ്ക്ക് അറിയാവുന്നതാണ്. കോടിക്കണക്കിനു രൂപ എഫ്. എ. സി. റ്റി. ക്ക് നഷ്ടമായിട്ടുണ്ട്. അതുപോലെതന്നെ കേരള ഗവൺമെൻറിൻെറ ഉടമയിലുള്ള ടി.സി.സി. കമ്പനിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പറഞ്ഞ് അറിയിക്കാൻ പറ്റാത്ത നഷ്ടമാണ് വിദ്യുച്ഛക്തിയുടെ തകരാറുമൂലം വന്നുകൊണ്ടിരിക്കുന്നത്. കമ്പനികൾക്ക് വിദ്യുച്ഛക്തി കൊടുക്കുന്നത് കളമശ്ശേരി 66 കെ. വി. ലൈനും 110 കെ. വി. ലൈനുമാണ്. അതാണ് എന്നും തകരാറായിക്കൊണ്ടിരിക്കുന്നത്. വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇത്. അത് നിമിത്തം തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് അപലപനീയമാണ്. കാരണം രാത്രി 12 മണിയ്ക്കും ഒരു മണിയ്ക്കും ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പെട്ടെന്ന് വിദ്യുച്ഛക്തി തകരാറ് ഉണ്ടാകുമ്പോൾ ആ പ്ലാൻറ് അപകട രഹിതമായി അടച്ചിടുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നു. രണ്ടു മൂന്നു മാസത്തിനുമുമ്പ് അതുകൊണ്ട് അപകടമുണ്ടായിട്ടുണ്ട്. വിദ്യുച്ഛക്തി തകരാറും വോൾട്ടേജിൻെറ കുറവും പരിഹരിക്കുന്നതിന് വിദ്യുച്ഛക്തി ബോർഡിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെൻറിനോടും അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ കാര്യം ഇതിനകംതന്നെ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടുകഴിഞ്ഞതാണ്. അതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുമുണ്ട്. എഫ്. എ. സി. ടി.-യിലും ടി. സി. സി.-യിലും 110 കെ. വി. ലൈനിൽകൂടിയാണ് വിദ്യുച്ഛക്തി വിതരണംനടത്തുന്നത്. ടി. സി. സി.-യുടെ മുകളിൽകൂടിയാണ് വിദ്യുച്ഛക്തി ലൈൻ എഫ്. എ. സി. ടി.-യിലേക്ക് പോകുന്നത്. ടി. സി. സി.-യിൽ കെമിക്കൽ ഫാക്ടറി എന്ന നിലയിൽ ഉണ്ടാകുന്ന പൊള്ളൂഷൻെറ ഫലമായി, അത് വിദ്യുച്ഛക്തി ലൈനുകളെ ബാധിക്കുന്നു എന്ന കാര്യം ടി. സി. സി.-യേയും എഫ്. എ. സി. ടി.-യേയും ബോദ്ധ്യപ്പെടുത്താൻ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർ ശ്രമിച്ചതാണ്. 110 കെ. വി. ലൈൻ 100 മെഗാവാട്ട് വിദ്യുച്ഛക്തി പ്രവഹിപ്പിക്കാൻ കഴിവുള്ള ലൈനാണ്. അതിൽ ഇന്ന് 42 മെഗാവാട്ട് വിദ്യുച്ഛക്തി മാത്രമേ പ്രവഹിപ്പിക്കുന്നുള്ളു. ലൈൻകപ്പാസിറ്റിയൊക്കെ ഉണ്ടെങ്കിൽ ആവശ്യമുള്ള വിദ്യുച്ഛക്തി കൊടുക്കാൻ കഴിവുള്ളതാണ്. പക്ഷേ ടി.സി.സി.-യുടെ മുകൾഭാഗത്തുകൂടി പോകുന്ന ലൈനിൽ കൂടെക്കൂടെ ഉണ്ടാകുന്ന എയർ പൊള്ളൂഷൻെറ ഫലമായി കുറെ ഇൻറർപ്ഷനുകൾ ഉണ്ടെന്നുള്ളത് ശരിയാണ്. അങ്ങനെ ആറ് ഇൻറർപ്ഷനുകളാണ് വിദ്യുച്ഛക്തി ബോർഡിൻെറ റക്കാർഡുകൾ അനുസരിച്ച് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ഏലൂരിലെ 16 വ്യവസായ സ്ഥാപനങ്ങളെ ബാധിക്കുന്ന ഒരേയൊരു ഇൻറർറപ്ഷൻ മാത്രമേ ഉണ്ടായിട്ടുള്ളു. കളമശ്ശേരി സബ്സ്റ്റേഷനിലെ കറൻറ് ട്രാൻസ്ഫോർമർ പൊട്ടിത്തെറിച്ചതുമൂലമുണ്ടായിട്ടുള്ളതാണത്. അത് നേരത്തെ പ്രതീക്ഷിക്കാൻ കഴിയാത്ത ഒരു കാര്യമാണ്. വളരെവേഗംതന്നെ അത് ശരിപ്പെടുത്തുകയും, 27 മിനിറ്റിനുശേഷം അത് പരിഹരിക്കുകയും ചെയ്തു എന്നാണ് അറിയിച്ചിരിക്കുന്നത്.

അലൂമിനിയം ഫാക്ടറിയെമാത്രം ബാധിക്കുന്ന ഒരു ഇൻറർറപ്ഷൻ ഈ മാസം ഉണ്ടായി. അത് ലൈനിലെ ഒരു ബ്രിഡ്ജിംഗിന് കേടുവന്നതുകൊണ്ടാണ്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ആ കേടുപാടുകൾ തീർത്തു. ടി.സി.സി.-യിലും ഫാക്ടിലുമൊക്കെ ഡബിൾ സർക്യൂട്ട് ലൈനിൽകൂടിയാണ് സപ്ലൈ. കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ഈ ലൈനിൽ 5 ഇൻറർറപ്ഷനുകൾ ഉണ്ടായിട്ടുണ്ട്. അതിൽ മൂന്നെണ്ണം ഒരു മിനിട്ടും ഒരെണ്ണം രണ്ട് മിനിട്ടും മാത്രമാണ്. ഈ ലൈൻ പോകുന്നത് ടി. സി. സി. വഴിയാണ്. എഫ്. എ. സി. ടി.-യിലേയും ടി. സി. സി. ഫാക്ടറിയിലേയും കെമിക്കൽ പൊല്യൂഷൻകൊണ്ട് ലൈനിലുള്ള ബ്രിഡ്ജിംഗിനു കേടുവന്നതാണ് മിക്ക തകരാറുകൾക്കും കാരണം.

ടി.സി.സി.-യിലെ ഒരു ലൈൻ പൊട്ടിത്തെറിച്ചു. അത് കഴിയുന്നതും വേഗം ശരിയാക്കുകയും ചെയ്തു. ഫാക്ടറിക്കാരോട് അവരുടെ സ്വിച്ച്യാർഡിൽ കാലാകാലങ്ങളിൽ ഇൻസുലേറ്റർ ക്ലീൻ ചെയ്യാനും അതുപോലുള്ള ജോലികൾ കൃത്യമായി ചെയ്യാനും ഇലക്ട്രിസിറ്റി ബോർഡ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഈ ഇൻറർറപ്ഷനുകളെ സംബന്ധിച്ച് എഫ്.എ.സി.ടി.-യിൽനിന്ന് പരാതി കിട്ടിയിട്ടുണ്ട്. എല്ലാ പ്രിവൻറീവ് മെയിൻറനൻസ് ജോലികളും ചെയ്യുന്നുണ്ട്. ഈ കാര്യങ്ങളെപ്പറ്റി കളമശ്ശേരിയിൽ മൂന്നുമാസത്തിലൊരിക്കൽ കൂടുന്ന ഇൻഡസ്ട്രിയൽ ലയ്സോൺ കമ്മിറ്റി ചർച്ച ചെയ്ത് പരിഹാരം കാണുന്നുണ്ട്. ഈ മാസം 14-8-1981-ലും കൂടി തിരുമാനമെടുത്തിട്ടുണ്ട്. ഫാക്ടിന് മാത്രമായി ഒരു പുതിയ ലൈൻ വേണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഗവൺമെൻറും വിദ്യുച്ഛക്തി ബോർഡും സമ്മതിച്ചിട്ടുണ്ട്. 20 ലക്ഷം രൂപ ചെലവ് വരുന്ന ആ ലൈനിൻറെ പണി, ചെലവ് വഹിക്കാൻ തയ്യാറാകുന്നപക്ഷം ഫാക്ടിന് മാത്രമായി ഒരു പുതിയ ലൈൻതന്നെ, കളമശ്ശേരിയിൽ നിന്ന് കൊടുക്കാമെന്ന് വിദ്യുച്ഛക്തി ബോർഡ് സമ്മതിച്ചിട്ടുണ്ട്. ഒരു മിനിട്ടോ രണ്ട് മിനിട്ടോകൊണ്ട് 17 ലക്ഷം രൂപവരെ നഷ്ടംവരുമെങ്കിൽ, രണ്ടുകോടി രൂപ നഷ്ടപ്പെടുന്നതിനേക്കാൾ നല്ലതാണ് 20 ലക്ഷം രൂപക്ക് ഒരു ലൈൻ പുതുതായി പണിയുന്നത്. അതുകൊണ്ട് ടി.സി.സി.-ക്കുമുകളിൽകൂടി പോകുന്ന ലൈനിന് പകരമായി എഫ്.എ.സി.ടി.-ക്ക് സ്വന്തമായി ഒരു ലൈൻ കൊടുക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചിട്ടുണ്ട്.

ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് കിട്ടിയശേഷം ഓപ്പറേഷൻ ചീഫ് എഞ്ചിനീയറെ ഇന്നലെതന്നെ കളമശ്ശേരിയിൽ അയച്ചിട്ടുണ്ട്. അദ്ദേഹം അവിടെയുണ്ട്. ഈ കാര്യങ്ങൾ പരിഗണിച്ച് മേലാൽ ഇത് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ കരുതൽ നടപടികളും സ്വീകരിക്കുന്നതാണ് എന്നുമാത്രമേ ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു പോയിന്റ് ആഫ് ആർഡർ. ഇവിടെ റൂൾ 300 അനുസരിച്ച് ഈ സഭയിൽ നടത്തേണ്ട കാര്യം നടത്തിയിട്ടില്ല. റൂൾ 300–നെ ഈ ഗവൺമെന്റ് വൈലേറ്റ് ചെയ്തിരിക്കുകയാണ്. അത് നിയമസഭയോടുള്ള അനാദരവാണ്. സഭ സമ്മേളിക്കുന്ന അവസരത്തിൽ പൊതു പ്രാധാന്യമർഹിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം നിയമസഭാവേദിയിൽ ഒരു സ്റ്റേറ്റുമെന്റ് നടത്തേണ്ടതാണെന്നാണ് ഇതിൽ പറയുന്നത്.

A statement may be made by a Minister on a matter of public importance with the consent of the Speaker.

അത് നടത്തിയിട്ടില്ല. പൊതു പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് ഇന്ന് എല്ലാ പ്രധാനപത്രങ്ങളിലും വളരെ പ്രാധാന്യം കൊടുത്ത്, തലക്കെട്ടോടുകൂടി വന്നിട്ടുണ്ട്. ബസ് ചാർജ് വർദ്ധിപ്പിക്കാനും തീരുമാനം എടുത്തിരിക്കുന്നു എന്നു ഗവൺമെന്റിനുവേണ്ടി അനൗൺസ് ചെയ്തിരിക്കുകയാണ്. ഇത് സഭയോടുള്ള ഒരു അവഹേളനമാണ്. അത് ക്രമപ്രശ്നമായി ഞാൻ ഉന്നയിക്കുകയാണ്.

മിസ്റ്റർ സ്പീക്കർ: ഇവിടെ ശ്രീ. ജേക്കബ് ഉദ്ധരിച്ച റൂൾ may be made by a Minister എന്നാണ്. അതുകൊണ്ട് അതൊരു മാൻഡേറ്ററി അല്ല. ബഹുമാനപ്പെട്ട ജേക്കബ് ഉന്നയിച്ച കാര്യത്തിലേക്ക് വേറെ പോകാം. ഇപ്പോഴും ശ്രീ. കരുണാകരൻ എന്തോ സബ്മിഷൻ റയിസ് ചെയ്യുന്നുണ്ട്. അതിനെക്കുറിച്ച് പറയാം.

ശ്രീ. ടി. എം. ജേക്കബ്: Public importance മാൻഡേറ്ററി അല്ലെങ്കിൽ പോലും statement ചെയ്യാൻ മിനിസ്റ്റർ ബാദ്ധ്യസ്ഥനാണ്, നിയമസഭ സമ്മേളിക്കുമ്പോഴും. ഇവിടെ റൂൾ 300–നെ വൈലേറ്റ് ചെയ്തിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: 'മേ ബി' എന്നു പറഞ്ഞാൽ ഇവിടെ സ്വാഭാവികമായും 'ഷാൽ' എന്ന അർത്ഥത്തിലാണ് എടുക്കേണ്ടത്. സഭ നടന്നുകൊണ്ടിരിക്കുമ്പോഴാണ്, ഇന്നത്തെ പത്രങ്ങളിൽ ട്രാൻസ്പോർട്ട് ചാർജ്ജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു എന്നുള്ള വാർത്ത കണ്ടത്. ഇന്നലെ മന്ത്രിസഭകൂടി തീരുമാനമെടുത്തു എന്നാണ് പത്രങ്ങളിൽ വന്നിട്ടുള്ളത്. ഈ സഭയിൽ ഇന്നലെ ചോദ്യോത്തരവേളയിൽ, ഭരണകക്ഷിയുടെ ലെയിസോൺ കമ്മിറ്റികൂടി ഓരോ പൈസ വർദ്ധിപ്പിക്കാൻ തീരുമാനിച്ച്, ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിരിക്കുന്നുവെന്നുള്ള വാർത്തയെക്കുറിച്ച് ചോദിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അങ്ങനെ യാതൊന്നും ഉണ്ടായിട്ടില്ലായെന്നാണ്. ഏതായാലും ശരി, ഒരു വിദഗ്ദ്ധനെ ബസ് ഫെയർ പുനഃപരിശോധിക്കുന്നതിലേക്ക് നിയമിച്ചു. ആ വിദഗ്ദ്ധന്റെ അല്ലെങ്കിൽ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടികഴിഞ്ഞാൽ, ഈ സഭ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ, സാമാന്യ മര്യാദയനുസരിച്ച്, നടപടിക്രമമനുസരിച്ച്, സഭയുടെ അന്തസ് കണക്കിലെടുത്ത്—വകുപ്പ് 300 എഴുതി ചേർത്തിട്ടുള്ളത് മിനിസ്റ്റർ ചെയ്യേണ്ടുന്നത് ചെയ്യാൻ വേണ്ടിയാണ്—ഉത്തരവാദപ്പെട്ട മന്ത്രി തീർച്ചയായും ഇത്തരം കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് കിട്ടികഴിഞ്ഞാൽ, സഭ നടന്നുകൊണ്ടിരിക്കുന്ന അവസരമായതുകൊണ്ട്, സഭയിൽ ചർച്ചചെയ്ത് തീരുമാനമെടുക്കേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ വർദ്ധനവിന് യാതൊരു ന്യായീകരണവും കാണുന്നില്ല. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനയുണ്ടായി എന്ന കാരണത്താൽമാത്രം വർദ്ധനവ് ഉണ്ടാക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. ഈ കാര്യങ്ങളിലൊക്കെ ഭരണപക്ഷമെന്നും പ്രതിപക്ഷമെന്നും പറഞ്ഞ് മൽസരിച്ച് നിൽക്കേണ്ട കാര്യമില്ല. ഇതുപോലുള്ള പ്രശ്നങ്ങളും സഭയിൽ കൊണ്ടുവന്നാൽ, ആവശ്യമായി വന്നാൽ തീരുമാനമെടുക്കുന്നതിന് ഞങ്ങളും ഒരിക്കലും എതിരല്ല. പക്ഷേ ഇവിടെ സ്വീകരിച്ച നടപടി അതല്ല. ജനാധിപത്യ മര്യാദയനുസരിച്ച്, ജനാധിപത്യ കീഴ്വഴക്കമനുസരിച്ച്, സഭയോടുള്ള ആദരവ് അനുസരിച്ച്, അതിനെയെല്ലാം ലംഘിച്ചുകൊണ്ടുള്ള നടപടിയാണ് സ്വീകരിച്ചത്. അത് വളരെ നിർഭാഗ്യകരമായിപ്പോയി. എന്തായാലും ഈ സാഹചര്യത്തിൽ പത്രവാർത്ത അസത്യമായിരിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. പത്രവാർത്ത അനുസരിച്ചുള്ള വർദ്ധനവ് ഉണ്ടാകരുതെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. സഭയോടുള്ള ഈ അവഗണന വളരെ നിർഭാഗ്യകരമായിപോയി എന്ന് ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഈ കാര്യം ചർച്ചചെയ്തത് പോകേണ്ട കാര്യമാണെന്നാണ്.

ആ നിലയിൽ പൊതു പ്രാധാന്യമുള്ള ഒരു കാര്യം സഭ കൂടുന്ന സമയത്ത്, പുറമേ വരുന്നതിനുമുമ്പ് സഭയിൽ പറയാനായിട്ട് ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. പുറമേ വരുന്നതിനുമുമ്പെന്ന് ഞാൻ മനഃപൂർവം പറഞ്ഞതാണ്. മറുപടിയിൽ പറയാൻ പോകുന്നത് 'ഞങ്ങളും കൊടുത്തിട്ടില്ല' എന്നാണ്. ക്യാബിനറ്റ് മുറിയ്ക്കുള്ളിൽ നടക്കുന്നതായിട്ടുള്ള കാര്യം 'ഞങ്ങളും കൊടുത്തിട്ടില്ല' എന്ന് പറയുകയാണെങ്കിൽ, എനിക്ക് ഗവൺമെന്റിനോട് പറയുവാനുള്ളത്, അടിയന്തിരമായി ഒരു ടെക്നീഷ്യനെ വരുത്തി, അതിനുള്ളിലുള്ളതെല്ലാം എങ്ങനെയാണ് പുറത്തുപോകുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഒന്ന് പരിശോധിപ്പിക്കണമെന്നാണ്.

ഇവിടെ നടന്ന സംഭവത്തിന്റെ അടിസ്ഥാനത്തിൽ, ഇന്നലെ ഞങ്ങളും ഒരു തീരുമാനമെടുത്തു. അത് ഞങ്ങളും നടപ്പിലാക്കി. അത് ഒരു ഭരണകക്ഷി അംഗം റിക്കാർഡിൽ കൊണ്ടുവന്നതിൽ ഞങ്ങൾക്ക് നന്ദിയുണ്ട്. എന്തായാലും അത് പത്രത്തിൽ വന്നില്ല. ഞങ്ങളും പത്രക്കാർക്ക് കൊടുത്തില്ല.

പക്ഷേ ക്യാബിനറ്റിൽ ഇന്നലെ നടന്ന കാര്യം പത്രക്കാർക്ക് കൊടുത്തിരിക്കുകയാണ്. ഞാൻ ഇന്നലെ കാലത്ത് ഇതിനെക്കുറിച്ച് റയിസ് ചെയ്തത് അങ്ങും കേട്ടതാണ്. അപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്; ഇതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നാണ്.

ഈ കാര്യത്തിൽ 'പ്രാക്ടീസ് ആൻറ് പ്രൊസീഡ്യുവർ ആഫ് പാർലമെന്റിൽ' ശ്രീ. എം. എൻ. കൗൾ, ശ്രീ. എസ്. എൽ. ശക്ധർ എന്നീ രണ്ട് ആതേഴ്സ് കൂടി പറഞ്ഞിട്ടുള്ള കാര്യം, പബ്ലിക് ഇൻറെറസ്റ്റ് വരുന്നതായിട്ടുള്ള കാര്യങ്ങളെല്ലാം പുറമേ വരുന്നതിനുമുമ്പ്, സഭ കൂടുന്ന സമയത്ത് സഭയിൽ കൊണ്ടുവരേണ്ടതാണെന്നാണ്. ആ തരത്തിൽ കൊണ്ടുവരുന്നത് കീഴ്വഴക്കത്തിന്റെയും ഔചിത്യത്തിന്റെയും അടിസ്ഥാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

Such actions if matters of public interest are not first disclosed in the House are against conventions and propriety എന്നാണ് ഈ എമിനൻറ് ആതേഴ്സ് പറയുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽവച്ചുകൊണ്ട്, ഈ കാര്യങ്ങളെല്ലാം പുറത്തുവരുന്നതിനുമുമ്പ് സഭയിൽ പറയണമെന്ന് അങ്ങ് നിർദ്ദേശിക്കണം. അതല്ല അവർ അറിയാതെ പുറത്ത് വരുന്നതാണെങ്കിൽ, ക്യാബിനറ്റ് മുറിയുടെ ചുവരുകളെല്ലാം പരിശോധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭ നടന്നുകൊണ്ടിരിക്കെ നയപരമായ ഒരു തീരുമാനം ഗവൺമെൻറ് പ്രഖ്യാപിക്കുന്നതിനുമുൻപ് ആ തീരുമാനങ്ങളെ നിയമസഭയിൽ പ്രഖ്യാപിക്കുന്നതാണ് പ്രൊപ്രൈപറി. ഇതിനെ സംബന്ധിച്ച് തർക്കമൊന്നുമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: നയപരമല്ല, പബ്ലിക് ഇൻറെറസ്റ്റ്.

ശ്രീ. കെ. എം. മാണി: ഞാൻ എൻെറ അഭിപ്രായം പറയട്ടെ. അതിനെ പ്പറ്റി അഭിപ്രായവ്യത്യാസമൊന്നുമില്ല. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് 300-ാമത്തെ വകുപ്പ് ഇവിടെ ചൂണ്ടിക്കാണിച്ചു. 300-ാമത്തെ വകുപ്പ് എന്നു പറയുന്നത് പൊതു പ്രാധാന്യമർഹിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഒരു മിനിസ്റ്റർക്ക് നിയമസഭയിൽ സ്റ്റേറ്റ്മെൻറ് ചെയ്യണമെങ്കിൽ ചെയ്യാനുള്ള പ്രൊവിഷനാണ്. അങ്ങ് പറയുന്നതു പോലെ അത് shall be made ആണെന്ന് നിർബന്ധമായിട്ട് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കരുണാകരൻ, പ്രതിപക്ഷനേതാവ് ഒരു പടിയുംകൂടി കടന്നിട്ട് അങ്ങനെയുള്ള വിഷയങ്ങൾ നിയമസഭയിൽ ചർച്ച ചെയ്തിട്ടേ ആകാവൂ എന്നു പറഞ്ഞു. അങ്ങനെ ഒരു പ്രൊപ്രൈപറിയും പാർലമെൻറി ഡെമോക്രസിയിൽ ആവശ്യപ്പെടുന്നില്ല; അങ്ങനെ ഇല്ല. നയപരമായ തീരുമാനങ്ങളെ സംബന്ധിച്ചിടത്തോളം നിയമസഭ കൂടിയിരിക്കുമ്പോൾ ഗവൺമെൻറിന് തീരുമാനമെടുക്കാൻ പാടില്ല എന്നില്ല. നിയമസഭയിൽ ചർച്ച ചെയ്തിട്ടേ തീരുമാനം എടുക്കാവൂ എന്നും ഇല്ല. തീരുമാനം എടുത്തു പ്രഖ്യാപിക്കുന്നതിനുമുൻപ് നിയമസഭയിലൂടെ പ്രഖ്യാപിക്കുകയാണ് വേണ്ടതെന്ന പ്രൊപ്രൈപറി ആണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞത് ഗവൺമെൻറ് അംഗീകരിക്കുകയാണ്. അതോറിട്ടി ഒന്നും വേണ്ട. ഇതിൽ പ്രൊപ്രൈപറി എന്നു പറയുന്നത് നിയമസഭ നടന്നുകൊണ്ടിരിക്കെ നയപരമായ തീരുമാനം ഗവൺമെൻറ് എടുക്കുകയാണെങ്കിൽ നിയമസഭയിൽ അറിയിക്കണം. ഇതിൽ ഒരു അവഹേളനവും ഈ സഭയോട് കാണിച്ചിട്ടില്ല. ഇന്നലെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു. ട്രാൻസ്പോർട്ട് ഫെയർ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അതിനെപ്പറ്റി പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി നിയോഗിച്ച കമ്മീഷൻെറ റിപ്പോർട്ട് കിട്ടിയോ? ആ റിപ്പോർട്ടിൽ ഫെയർ വർദ്ധിപ്പിക്കണമെന്നുള്ള ശുപാർശ ഉണ്ടോ? ഉണ്ടെങ്കിൽ ആ ശുപാർശ നടപ്പിലാക്കുന്നുണ്ടോ? ഈ മൂന്നു ചോദ്യമെന്നാണ് എൻെറ ഓർമ്മ. അപ്പോഴാണ് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറഞ്ഞു, ശുപാർശ കിട്ടിയിട്ടുണ്ട്, ആ ശുപാർശ ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയിട്ടുണ്ട്, ആ ഫെയർ വർദ്ധനവിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ നടന്ന ചർച്ചക്കുശേഷം ഉച്ചകഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ക്യാബിനറ്റ് കൂടുന്നു, ഉച്ചകഴിഞ്ഞ് ക്യാബിനറ്റ് കൂടിയപ്പോഴും ക്യാബിനറ്റിൽവെച്ച് ഡിസൈഡ് ചെയ്തു. അത് ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുണ്ടായില്ലെങ്കിൽതന്നെയും സഭയെ അറിയിക്കാൻ ബാദ്ധ്യസ്ഥമാണ്.

(ബഹളം)

ശ്രീ. പി. സീതിഹാജി: ലക്ഷക്കണക്കിനു രൂപ കൈക്കൂലി വാങ്ങിയ ഏർപ്പാടാണ്.

(ബഹളം)

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സീതിഹാജി ഞാൻ ഒന്നു പൂർത്തിയാക്കട്ടെ. അതുകൊണ്ട് ഇതിപ്പോഴും ഉന്നയിക്കപ്പെട്ടില്ലെങ്കിൽത്തന്നെയും ഇന്ന് സഭയിൽ ഈ വിവരം അറിയിക്കാൻ ഗവൺമെൻറ് തയ്യാറാണ്, ഗവൺമെൻറിന്റെ ഉദ്ദേശവും അതാണ്. ഇന്നലെ ഈ നിയമ സഭയിൽ ഇതേപ്പറ്റി ചോദ്യം ഉണ്ടാവുകയും ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി അത് പരിഗണിക്കുന്നതാണെന്ന് ഉത്തരം നൽകുകയും ഉച്ചകഴിഞ്ഞ് ക്യാബിനറ്റ് കൂടുകയും ചെയ്ത പശ്ചാത്തലത്തിൽ അതിനെ സംബന്ധിച്ചുള്ള ചില വാർത്തകളൊക്കെ പത്രത്തിൽ വന്നേക്കാം. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് യാതൊരു ദുരുദ്ദേശവുമില്ല, സഭയെ അവഹേളിക്കണമെന്ന് യാതൊരു ഉദ്ദേശവുമില്ല എന്നുള്ള കാര്യം കൂടി ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ 6 പൈസ ഉണ്ടായിരുന്നത് കിലോമീറ്ററിന്.....

(ബഹളം)

ശ്രീ. പി. സീതിഹാജി: കൈക്കൂലി വാങ്ങിയാണ് ഗവൺമെൻറ് ബസ് ചാർജ് വർദ്ധിപ്പിച്ചത്. അതുകൊണ്ട് അതേപ്പറ്റി ചർച്ച ചെയ്യണം.....

(ബഹളം)

മി. സ്പീക്കർ: ശ്രീ. സീതിഹാജി ദയവായി ഇരിക്കണം. ഇവിടെ ബസ് ചാർജ് വർദ്ധനവിനെപ്പറ്റി ഫിനാൻസ് മിനിസ്റ്റർ ക്യാബിനറ്റിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് ഇപ്പോഴും ഇവിടെ പറയരുത്. ഇവിടെ ഇപ്പോഴും പാർലമെൻറിനെ പ്രിവിലേജിനെക്കുറിച്ച് ഒരു പ്രശ്നം ഉന്നയിച്ചിരിക്കുകയാണ്. അത് സംബന്ധിച്ച് ഗവൺമെൻറിന്റെ അഭിപ്രായം അറിഞ്ഞിട്ടേ ചെയറിന് എന്തെങ്കിലും പറയാനൊക്കൂ. അതുകൊണ്ട് ഡീറെയിൽസിലേക്ക് കടക്കരുത്.

ശ്രീ. കെ. എം. മാണി: ഞാൻ അവസാനിപ്പിക്കുകയാണ്. സഭയെ അറിയിക്കണമെന്ന് നിർബന്ധമില്ലെങ്കിലും ധാർമ്മികമായി ഗവൺമെൻറിന് ഒരു ബാദ്ധ്യത ഉണ്ട്. ആ ബാദ്ധ്യതയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട സഭയ്ക്ക് അതറിയാൻ ആഗ്രഹമുണ്ടെങ്കിൽ ഔദ്യോഗികമായി അതറിയിക്കാൻ ഗവൺമെൻറ് ഒരുക്കമാണ്.

(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട കരുണാകരനും ബഹുമാനപ്പെട്ട ചന്ദ്രശേഖരനും ചില പ്രശ്നങ്ങളും സഭയുടെ മുമ്പിൽ കൊണ്ടുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ അഭിപ്രായം പറഞ്ഞു. അതേപ്പറ്റി ചെയറിന് എന്താണ് പറയാനുള്ളതെന്നുകൂടി കേൾക്കണം.

(ബഹളം)

ശ്രീ. ജോസഫ് ദയവായി അങ്ങൊന്ന് ഇരിക്കണം.

(ബഹളം)

ശ്രീ. ജേക്കബ് ചൂണ്ടിക്കാണിക്കേണ്ട കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചു. അതുംകൂടി വച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ദയവായി ഒന്ന് ഇരിക്കണം.

ശ്രീ. ടി. എം. ജേക്കബ്: എനിക്ക് ഒരു മിനിറ്റ് തന്നാൽ മതി. ചെയറിൻെറ അറിവിനുകൂടി പറയുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. ജേക്കബ് ദയവായി ഇരിക്കണം. ചെയറിൻെറ അറിവിലേക്ക് ജേക്കബ് ആദ്യംതന്നെ ഉന്നയിച്ചതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അതിൻെറ മെറിറ്റിലേക്ക് കടക്കുന്നില്ല. റൂളിൽ പറഞ്ഞ ഒറ്റക്കാര്യം മാത്രമേ പറയാനുള്ളൂ.

മി. സ്പീക്കർ: റൂൾ ഉദ്ധരിച്ചുകൊണ്ടാണ് ശ്രീ. ജേക്കബ് നേരത്തെ പറഞ്ഞത്. അതുകൊണ്ട് ദയവായി ഇരിക്കണം.

(ബഹളം)

ശ്രീ. പി. ജെ. ജോസഫ്: റൂളിംഗിനുമുമ്പ് പലതും അംഗങ്ങൾക്ക് ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അങ്ങ് എന്തിനാണ് ധൃതി പിടിക്കുന്നത്.

മി. സ്പീക്കർ: ധൃതി ഇല്ല.

ശ്രീ. പി. ജെ. ജോസഫ്: ഞങ്ങൾക്ക് പറയാനുള്ളത് കേട്ടിട്ട് റൂളിംഗ് നൽകണം.

(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജേക്കബ് റൂൾ 300 കോട്ട് ചെയ്തുകൊണ്ട് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിനുശേഷം ഓപ്പോസിഷൻ ലീഡറും ബഹുമാനപ്പെട്ട ചന്ദ്രശേഖരനും പറഞ്ഞു.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി may be എന്നു പറയുന്നത് മാൻഡേറ്ററി അല്ലെന്നു പറഞ്ഞു. With the consent of the speaker എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ may be എന്ന വാക്ക് മാത്രമേ ഉപയോഗിക്കാൻ പറ്റുകയുള്ളൂ. Shall be ഉപയോഗിക്കാൻ പറ്റുകയില്ല. May be എന്നു പറയുമ്പോൾ പബ്ലിക് ഇംപോർട്ടൻസുള്ള ഒരു മാറ്ററിനെ സംബന്ധിച്ചിടത്തോളം അത് ഇവിടെ പറയാൻ ബാദ്ധ്യത ഉണ്ട്. റൂൾ 300-ൽ പറയുന്നതിൻെറ കൃത്യമായ മീനിംഗും അതുതന്നെയാണ്. ആ നിലയിൽ ഇൻറർപ്രട്ട് ചെയ്തിട്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, എനിക്ക്.....

(ബഹളം)

ശ്രീ. കെ. എം. മാണി: Let me complete my sentence.

(ബഹളം)

ശ്രീ. കെ. എം. മാണി: എപ്പോഴും ചാടി എണീക്കുകയാണ്. ഒരു വാക്കു പറയുന്നതിനു മുമ്പ് ചാടി എഴുന്നേൽക്കുന്നു. എന്നിട്ട് ഒബ്സ്ട്രക്ഷൻ.

(ബഹളം)

ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ച റൂൾ 300 ജനറൽ റൂളാണ്. എനേബിളിംഗ് ക്ലാസ്സാണ്. ഇതുമായി ബന്ധപ്പെട്ടതല്ല. പാർലമെന്ററി പ്രൊപ്രൈറ്ററിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ കൗളിനെയും മറ്റും ചൂണ്ടിക്കാണിച്ചു. അതിനാണ് ഇവിടെ റലവൻസി—മറ്റെത് ജനറൽ റൂളാണ് 300—വകുപ്പ്.

It is a general rule enabling the Ministers to make a statement whenever necessary, whenever it is deem fit for the Ministers, and the Government to do that. It is a general provision. That is not at all applicable in this present case.

ശ്രീ. പി. ജെ. ജോസഫ്: ഒരൊറ്റ കാര്യമേ പറയാനുള്ളൂ. പ്രൊപ്രൈറ്ററിയുടെയും കൺവെൻഷന്റെയും കാര്യം പറയുമ്പോൾ മുമ്പ് ഇതുപോലുള്ള കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചപ്പോൾ ഗവൺമെന്റ് ഖേദം പ്രകടിപ്പിച്ചിട്ടുണ്ട്. മുമ്പ് എന്നാൽ ഇവിടെ ഇപ്പോൾ അങ്ങനെയൊന്നും വന്നിട്ടില്ലെന്നും വേണമെങ്കിൽ പറയാമെന്നും ഒക്കെയാണ് പറയുന്നത്. അതിൽ എന്തു പ്രൊപ്രൈറ്ററിയാണ്, സർ.

ശ്രീ. ടി. എം. ജേക്കബ്: അഞ്ചാം നിയമസഭയിൽ ഇതുപോലൊരു ഇൻസ്റ്റൻസ് ഉണ്ടായിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ച് നിയമസഭയിൽ പറയാതെ പുറത്തു പറഞ്ഞതിനെ സംബന്ധിച്ച് ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗം ചൂണ്ടിക്കാണിച്ചപ്പോൾ അന്നത്തെ സ്പീക്കർ ഗവൺമെന്റിനെ ശാസിച്ചു.

ശ്രീ. കെ. എം. മാണി: ഇവിടെ പ്രസ്താവന മനഃപൂർവം കൊടുത്തിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: പിന്നെ പേപ്പറിൽ വരുന്നത് എങ്ങനെയാണ്.

മി. സ്പീക്കർ: ഇന്നലെ ഈ സഭയിൽ ബസ് ചാർജ് വർദ്ധനവിനെക്കുറിച്ചുള്ള ചോദ്യത്തെ സംബന്ധിച്ച് പരിഗണിച്ചു വരികയാണെന്നാണ് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി മറുപടി പറഞ്ഞത്. അതിനു ശേഷം ഇന്നലെ തന്നെ ചേർന്ന മന്ത്രിസഭായോഗം ഇങ്ങനെയൊരു തീരുമാനമെടുത്ത സാഹചര്യത്തിൽ തീർച്ചയായിട്ടും ആദ്യം അത് ഈ സഭയെ അറിയിക്കേണ്ടതാണ് ബഹുമാനപ്പെട്ട ചന്ദ്രശേഖരനും ധനകാര്യമന്ത്രിയും ഒക്കെ ഉച്ചരിച്ച

LIBRARY ARCHIVES Kerala Legislative Assembly

പാർലമെന്ററി കൺവെൻഷനും പ്രൊപ്രൈറ്റിക്കും ആവശ്യമായ കാര്യമാണ്. അത് വേണ്ടത്ര പാലിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട ജേക്കബ് ചൂണ്ടിക്കാണിച്ചതുപോലെ ഇതിൽ ഏതെങ്കിലും ക്രമപ്രശ്നമോ റൂളിന്റെ വയലേഷനോ ഉണ്ടെന്ന അഭിപ്രായമില്ല. ഈ സഭയോട് അനാദരവായിട്ടാണ് അങ്ങനെ ചെയ്തതെന്ന അഭിപ്രായവുമില്ല. പക്ഷെ നമ്മെ അംഗീകരിച്ചു പോന്നിട്ടുള്ള പാർലമെന്ററി പ്രൊപ്രൈറ്റി അനുസരിച്ച് ഇത് ചെയ്യേണ്ടതായിരുന്നു. മേലിൽ ഗവൺമെന്റ് ഇതനുസരിച്ചുള്ള ഒരു നിലപാട് സ്വീകരിക്കണം.

ശ്രീ. കെ. കരുണാകരൻ: ഈ കാര്യത്തെ സംബന്ധിച്ച് ഒരു ചർച്ച നടത്തേണ്ടതാണ് സർ.

(ബഹളം)

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ: ഇക്കാര്യത്തെക്കുറിച്ച് ഒരു ചർച്ച ആവശ്യമാണ്. ചർച്ച ചെയ്യണം.

ശ്രീ. പി. ജെ. ജോസഫ്: ഇത് അത്യാവശ്യമായിട്ട് ചർച്ച ചെയ്യേണ്ടതാണ്. വലിയ അലിഗേഷൻ വന്നിട്ടുണ്ട് ഇതിന്റെ പിന്നിൽ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. അതിനു വേറെ അവസരമുണ്ട്. വേറെ രൂപത്തിൽ അംഗങ്ങൾക്ക് ഉന്നയിക്കാം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഗവൺമെന്ററിന്റെ ഭാഗത്തു നിന്നു തന്നെ ഇതിനെപ്പറ്റി .....പത്രത്തിൽ വന്നിരുന്നു.

ശ്രീ. കെ. എം. മാണി: സർ, ഗവൺമെന്റ് ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു പൂർത്തിയാക്കിയാൽ അക്കാര്യത്തെക്കുറിച്ച് സഭ യുനാനിമസ്സായിട്ട് തീരുമാനിച്ചാൽ അതേ വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാം. പക്ഷെ ഇവിടെ ഒരു പ്രസ്താവന ചെയ്യാൻപോലും പ്രതിപക്ഷം അനുവദിച്ചില്ല. പ്രസ്താവന ചെയ്തിട്ടില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: പ്രതിപക്ഷം സമ്മതിച്ചില്ല എന്നു പറയുന്നതു ശരിയല്ല. വേണമെങ്കിൽ ചെയ്യാമെന്നുള്ള അഹങ്കാരത്തോടുകൂടിയാണ് പറഞ്ഞത്. ഞങ്ങൾ അങ്ങനെ ആവശ്യപ്പെടാൻ തയ്യാറില്ലെന്നേ പറഞ്ഞിട്ടുള്ളു. ഇവിടെ ഒരു പ്രസ്താവന ചെയ്തില്ലെങ്കിൽ കൂടി ഗവൺമെന്ററിന്റെ തീരുമാനം പുറത്തു വന്നിരിക്കെ എപ്പോഴെങ്കിലും വേണമെങ്കിലും സഭയ്ക്ക് ചർച്ച ചെയ്യാം. അഴിമതിയുടെ കാര്യംകൂടി ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിരിക്കെ ആ കൈക്കൂലിയുടെ കാര്യംകൂടി ഈ സഭക്ക് ചർച്ച ചെയ്യണം.

ശ്രീ. സി. ബി. സി. വാര്യർ: ഏതു റൂളനുസരിച്ചാണ് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇതു ചർച്ച ചെയ്യണമെന്നു പറയുന്നത്. റൂൾ 300 അനുസരിച്ച് ഏതെങ്കിലും ഒരു മന്ത്രി ഏതെങ്കിലും ഒരു പോളിസിയെ സംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് നടത്തിയാൽ ആ സ്റ്റേറ്റുമെന്ററിനെക്കുറിച്ച് ഒരു ചർച്ച ആവശ്യപ്പെടാൻ ബഹുമാനപ്പെട്ട മെമ്പർമാർക്ക് അവകാശമുണ്ട്. ആ ചർച്ച നടക്കണമോ വേണ്ടയോ എന്നുള്ളത് അങ്ങ് സഭാനേതാവുമായി ചർച്ച ചെയ്തതിനുശേഷം തീരുമാനമെടുക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ചട്ടം. ഗവൺമെന്റ് എടുത്ത തീരുമാനത്തെപ്പറ്റി സഭയിൽ ചർച്ച ചെയ്യാനുള്ള വ്യക്തമായ റൂളുകളും ഉണ്ട്. പ്രധാനപ്പെട്ട പ്രശ്നമാണെങ്കിൽ റൂളനുസരിച്ച് ചർച്ച ഉന്നയിക്കണം. ചർച്ച ഉന്നയിച്ചാൽ അത് അനുവദിക്കേണ്ടതാണോ എന്ന് തീരുമാനിക്കണം. അല്ലാതെ എന്തിനെക്കുറിച്ചും ചർച്ച ചെയ്യണമെന്ന് നടപടിക്രമത്തിൽ ഇല്ല.

ശ്രീ. ടി. എം. ജേക്കബ്: നടപടിക്രമത്തിനു വിധേയമായിട്ടാണ് പറയുന്നത്.

മി. സ്പീക്കർ: അങ്ങനെ ചർച്ച ചെയ്യണമെങ്കിൽ മറ്റു ചട്ടങ്ങളനുസരിച്ച് അതിനുള്ള നടപടി സ്വീകരിക്കാമെന്ന് ചെയറിൽനിന്നും നേരത്തെ പറഞ്ഞു.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട നിയമമന്ത്രി വേണമെങ്കിൽ പ്രസ്താവന ചെയ്യാമെന്നു പറഞ്ഞു. ഞങ്ങളും ന്യായമായും പ്രതീക്ഷിക്കുന്നത് അങ്ങ് കൂടി ചൂണ്ടിക്കാണിച്ചതിനുശേഷമെങ്കിലും ഈ സഭക്കുള്ള അവകാശമെന്ന നിലയിൽ ഗവൺമെന്റ് പ്രസ്താവന ചെയ്തുകൊണ്ട് ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക എന്നുള്ളത് സാമാന്യമായി സ്വീകരിക്കേണ്ട ഒരു നടപടിക്രമമാണ്. അത് അന്തസ്സോടുകൂടി ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അഭിപ്രായമില്ലേ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ നിലയിൽ പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. അതായത്, ആദ്യമേ ഗവൺമെന്റ് ഇത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്യാമെന്നു പറഞ്ഞു. അപ്പോൾ വേണ്ട, ഗവൺമെന്റിന്റെ പ്രസ്താവനയേ വേണ്ട എന്നു പറഞ്ഞു.

ശ്രീ. പി. ജെ. ജോസഫ്: വേണമെങ്കിൽ ചെയ്യാമെന്നു പറഞ്ഞു.

ശ്രീ. കെ. എം. മാണി: ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ: അതിനുശേഷം വേണമെങ്കിൽ ബഹുമാനപ്പെട്ട ജോസഫിനു പറയാം. വേണ്ട, ഗവൺമെന്റ് പ്രസ്താവന ചെയ്യേണ്ട എന്നു പറഞ്ഞതിനുശേഷം രണ്ടാമത് ആവശ്യമുണ്ടെങ്കിൽ ചെയ്യാമെന്നുള്ള വാക്കു ഉപയോഗിച്ചു എന്നുള്ളതേയുള്ളു. അത് പിടിച്ചുകൊണ്ട് ഇപ്പോൾ തിരിഞ്ഞ് ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദ്യമെടുത്ത നിലപാട് തെറ്റായിപ്പോയി, ഭൂഷണമല്ല എന്നു തോന്നിയതുകൊണ്ട് ഇപ്പോൾ ഇങ്ങനെ പറയുന്നത് ശരിയല്ല.

(ബഹളം)

ശ്രീ. കെ. കരുണാകരൻ: ഞാൻ അത് ചോദ്യം ചെയ്യുകയാണ് ഈ സഭയിൽ പ്രസ്താവന ചെയ്യേണ്ട എന്ന് ഞാനാകട്ടെ അപ്പുറത്തിരിക്കുന്ന ആരെങ്കിലുമാകട്ടെ പറഞ്ഞിട്ടില്ല. പറയാത്ത കാര്യം ഒന്നിലധികം പ്രാവശ്യം ആവർത്തിച്ചാൽ സത്യമായി വരികയില്ല. വേണമെങ്കിൽ ചെയ്യാമെന്നുള്ള സൗജന്യം അല്ല ഞങ്ങൾക്കാവശ്യം. ഞങ്ങളുടെ അവകാശമാണ്, അവകാശമെന്ന നിലയിലാണ് ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി): സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സഭയിൽ ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട നയപ്രഖ്യാപനം അല്ലെങ്കിൽ ഒരു പ്രസ്താവന ഗവൺമെൻറ് പുറത്തു ചെയ്തു എന്നുള്ളതാണ് പ്രശ്നം. അതിൽ അങ്ങ് ഒരു തീരുമാനം ചെയ്തു. ആ തീരുമാനത്തിന് അടിസ്ഥാനം ആ പ്രസ്താവന സഭയിൽ ചെയ്യാതെപുറത്തു ചെയ്തു എന്നുള്ളതാണ്. അതിനെപ്പറ്റിയുള്ള അങ്ങയുടെ റൂളിംഗിനെ തീർച്ചയായിട്ടും ഗവൺമെൻറ് മാനിക്കുന്നു. ഈ സഭയുടെ പ്രൊപ്രൈറ്റർക്കും അന്തസ്സിനും ഒക്കെ ചേർന്ന ഒരു റൂളിംഗാണ് അത്. അതിൻറെ അടിസ്ഥാനം പ്രസ്താവന പുറത്തു ചെയ്തു എന്നുള്ളതാണ്. എന്നാൽ ഈ സഭയിൽ ചെയ്യാത്ത ഒരു പ്രസ്താവനയെപ്പറ്റി ഒരു വാദപ്രതിവാദവും ചർച്ചയും വേണമെന്നു പറയുന്നത് ഓർഡറിലാണോ? ഏതു നിയമമനുസരിച്ചാണ് ചർച്ച ആവശ്യപ്പെടുന്നത്.

(ബഹളം)

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: ദയവായി ഇരിക്കണം. എല്ലാ പോയിൻറ് ഓഫ് ഓർഡറുകൾക്കും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും അഭിപ്രായം അറിഞ്ഞതിനുശേഷമെ ചെയർ ഡിസിഷൻ എടുക്കാവൂ എന്ന് എവിടെയും ഇല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ജോസഫും ബഹുമാനപ്പെട്ട നഹയുമൊക്കെ ദയവായി ഇരിക്കണം. എല്ലാവരുംകൂടി ഇങ്ങനെ എഴുന്നേറ്റുനിൽക്കുന്നത് വളരെ നിർഭാഗ്യകരമാണ്. ഇക്കാര്യം ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ജേക്കബ് സംസാരിച്ചപ്പോൾതന്നെ ചെയറിൻറെ ഡിസിഷൻ പറഞ്ഞുകഴിഞ്ഞു. ഇനി വേണമെങ്കിൽ മറ്റു ഏതെങ്കിലും റൂളിൻറെ ആനുകൂല്യം അവകാശപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഉന്നയിക്കാനുള്ള അവസരം ഞാൻ ഉണ്ടാക്കാം. ഇവിടെ ഇപ്പോൾ ഇതു പ്രസക്തമല്ല. ഗവൺമെൻറ് ഭാഗത്തുനിന്നും പ്രസ്താവന ചെയ്യണമോ വേണ്ടയോ എന്നുള്ളതൊക്കെ ഗവൺമെൻറ് തീരുമാനിക്കേണ്ട കാര്യമാണ്. ഇപ്പോൾ ഇത്തരമൊരു ചർച്ച തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ല. വളരെ പ്രസക്തമായ ക്രമപ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. എന്തായാലും ചർച്ച തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ല.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സീനിയർ മെമ്പറായ ബഹുമാനപ്പെട്ട നഹയ്ക്ക് ഒരു സബ്മിഷൻ നടത്താനുള്ള അവസരം കൊടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദയവായി എന്നെ നിർബന്ധിക്കരുത്.

ശ്രീ. കെ. കരുണാകരൻ: സാർ, ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. ഈ സഭയിലെ ഒരു കക്ഷിയുടെ സമുന്നതനായ നേതാവും പ്രായംകൊണ്ടും പരിചയംകൊണ്ടും പഴക്കംചെന്ന മെമ്പറുമായ നഹയെ ഒരു സബ്മിഷൻ നടത്താൻ അനുവദിക്കാതിരിക്കുന്നത് വളരെ നിർഭാഗ്യകരമാണ്. അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട നഹയ്ക്ക് ഈ കാര്യത്തെപ്പറ്റി എന്തോ അഭിപ്രായപ്രകടനം നടത്താനാണെന്നാണ് ഞാൻ വിചാരിച്ചത്. അതുകൊണ്ടാണ് സമയമില്ലെന്ന് പറഞ്ഞത്. മറ്റൊരു പ്രശ്നമാണെങ്കിൽ അത് അറിയിച്ചാൽ മതിയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, എനിക്ക° പറയാനുള്ളത° സഭാ നടപടികളെപ്പറ്റിയാണ°. ഇവിടെ ഇതിനുമുൻപും പല മന്ത്രിസഭകളും പല നിയമസഭകളും പല മുഖ്യമന്ത്രിമാരും പല സ°പീക്കർമാരും ഉണ്ടായിരുന്നു. ഇതുപോലെയുള്ള ഒരു വിവാദവിഷയം വരുമ്പോഴ എല്ലാവരും സംസാരിച്ചുകഴിഞ്ഞ° അവസാനം സ°പീക്കർ വല്ലതും പറയാനുണ്ടോ എന്ന° മുഖ്യമന്ത്രിയോട° ചോദിക്കുന്ന പതിവുണ്ട°. ഇപ്പോഴാണെങ്കിൽ ചോദിക്കുന്നുമില്ല അദ°ദേഹം മിണ്ടുന്നുമില്ല. ഇരുമ്പുലക്ക വിഴുങ്ങിയമാതിരി ഇരിക്കുകയാണ°. എന്താണിതിന്റെ അർത°ഥം ? കഴിഞ്ഞ നിയമസഭയിൽ അങ്ങ° മെമ്പറായിരുന്നല്ലോ. അന്ന° എന്തായിരുന്നു നടപടി ? മുഖ്യമന്ത്രിക്കു വല്ലതും പറയാനുണ്ടോ എന്നു ചോദിക്കൂ, അദ°ദേഹം പറയട്ടെ.

മി. സ°പീക്കർ: മുഖ്യമന്ത്രിക്ക° എന്തെങ്കിലും പറയാനുണ്ടോ എന്നു ചോദിക്കുന്നത° ചെയറിന്റെ ബാദ°ധ്യത അല്ല. ആവശ്യമായിരുന്നെങ്കിൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടു സംസാരിക്കുമായിരുന്നു. അദ°ദേഹത്തിനു വല്ലതും പറയാനുണ്ടെങ്കിൽ അദ°ദേഹം പറയും.

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

ശ്രീ. പി. ജെ. ജോസഫ°: പത്രത്തിൽവന്ന വാർത്ത ശരിയാണോ എന്നറിയണം.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: മറ്റു സ°പീക്കർമാരൊക്കെ ഇങ്ങനെ ചോദിച്ചിട്ടുണ്ട°. അതുപോലെ അങ്ങും ചോദിക്കണം.

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റും മുഖ്യമന്ത്രിയും അഴിമതിയുണ്ടെന്ന° ഒരു മെംബർ പ്രഖ്യാപിച്ചിട്ടും ഒന്നും മിണ്ടാതിരിക്കുകയും റിപ്പോർട്ടിന്റെ സത്യാവസ°ഥയെക്കുറിച്ച° ചർച്ചചെയ്യാതിരിക്കുകയും ചെയ്യുന്നത° ഈ സഭയോടും നടപടിക്രമങ്ങളോടും സഭയുടെ അന്തസ്സിനോടും ജനങ്ങളോടും കാണിക്കുന്ന അവഹേളനമായിട്ടാണ° ഞങ്ങൾ കണക്കാക്കുന്നത°. അത്തരത്തിലാണ° ഗവൺമെന്റിന്റെ നടപടിയെ ഞങ്ങൾ കാണുന്നത°. ഗവൺമെന്റിന്റെ ഈ ഒളിച്ചുകളിയിലും സഭയോടുള്ള അവഹേളനത്തിലും ഞങ്ങൾക്കു ശക°തിയായ പ്രതിഷേധമുണ്ട°. അതു രേഖപ്പെടുത്താൻവേണ്ടി ഞാനും എന്റെ കക്ഷിയും വാക്കൗട്ട° നടത്തുകയാണ°.

(ശ്രീ. കെ. കരുണാകരനും അദ°ദേഹത്തിന്റെ കക്ഷിയിൽ പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: വളരെ പ്രധാനപ്പെട്ട ഒരു കാര്യമായിട്ടും ഇരുമ്പുലക്ക വിഴുങ്ങിയമാതിരി ഇരിക്കുന്ന മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച° ഞങ്ങളും ഇറങ്ങിപ്പോവുകയാണ°.

(ശ്രീ. കെ. അവുക്കാദർകുട്ടിനഹയും അദ°ദേഹത്തിന്റെ പാർട്ടിയിൽ പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. പി. ജെ. ജോസഫ°: സർ, സ°റ്റേറ്റുമെൻറ° പത്രത്തിൽ വന്നു എന്നാണ° പറഞ്ഞിരിക്കുന്നത°. പത്രത്തിൽ വന്ന വാർത്ത ശരിയാണോ എന്നു പറയാൻപോലും ഗവൺമെന്റും മുഖ്യമന്ത്രിയും കൂട്ടാക്കിയിട്ടില്ല. പത്രത്തിൽ പോയത° എങ്ങിനെയാണെന്നുപോലും ഗവൺമെന്റിനറിഞ്ഞുകൂടാ. പത്രത്തിൽവന്ന വാർത്ത ശരിയാണോ എന്നു പറയാതെ ഇത°

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റുമെന്റാണെന്നു പറഞ്ഞാൽ അതു ഞങ്ങടെ വീഴ്ചയാണോ സർ ? ഇത് ഈ സഭയുടെ അന്തസ്സിനു യോജിച്ചതല്ലെന്നും കൺവൻഷനു വിരുദ്ധമാണെന്നും പറഞ്ഞിട്ടുകൂടി ഇതെപ്പറ്റി ഒരക്ഷരം ഉരിയാടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകാതിരിക്കുന്നത് ഈ സഭയോടുള്ള കടുത്ത അമർഷം കൊണ്ടാണ്. ഈ സഭയിൽ ഒരുകാലത്തും ഉണ്ടായിട്ടില്ലാത്ത ഈ ധിക്കാരപരമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭയിൽ നിന്നും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇത് എഴുതിത്തന്നെങ്കിൽ മാത്രമേ ചർച്ചചെയ്യാൻ പാടുള്ളൂ എന്നു പറയുന്നത് പരിപൂർണ്ണമായും ശരിയല്ല. റൂൾ 314 പ്രകാരം അങ്ങയ്ക്ക് റെസിഡ്യുവറി പൗവേഴ്സ് ഉണ്ട്. അസാധാരണമായ പ്രത്യേക സാഹചര്യത്തിൽ റെസിഡ്യുവറി പൗവേഴ്സ് ഉപയോഗിച്ച് ചർച്ച ചെയ്യാൻ സാധിക്കുന്നതാണ്. അതിനു ഗവൺമെന്റ് സമ്മതിക്കേണ്ടതുമാണ്. അതുസമ്മതിക്കാത്തതുകൊണ്ട് ഞാനും എന്റെ കക്ഷിയംഗങ്ങളും സഭയിൽനിന്നും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീമതി കെ. ആർ. സരസ്വതിയമ്മ: സർ, ഇന്നലെ രാവിലെപോലും ബസ്ചാർജ് വർദ്ധനവിനെപ്പറ്റി പോദിച്ചതാണ്. അപ്പോഴും പരിഗണിക്കുന്നു എന്നു പറഞ്ഞ് ഒഴിഞ്ഞുമാറിയിട്ട് ഇന്നലെ ഉച്ചക്കുശേഷമാണിങ്ങനെയൊരു തീരുമാനമെടുത്തത്. നിയമസഭയോട് അനാദരവു കാണിച്ചുകൊണ്ട് പത്രദ്വാരാ പ്രസ്താവനയിറക്കിയ ഈ ഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധ നടപടിയിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീമതി കെ. ആർ. സരസ്വതിയമ്മയും അവരുടെ പാർട്ടിയിലെ അംഗങ്ങളും സഭയിൽനിന്നിറങ്ങിപ്പോയി.)

ശ്രീ. സി. എം. സുന്ദരം: സർ, ബസ്ചാർജ് വർദ്ധനവിലുണ്ടായിട്ടുള്ള ഈ തീരുമാനം സഭയുടെ അന്തസ്സിനു യോജിച്ചതല്ലെന്ന് സ്പീക്കർ സമ്മതിച്ചിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന ചെയ്യാതിരിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. എം. സുന്ദരവും സഭയിൽനിന്നിറങ്ങിപ്പോയി)

ശ്രീ. സി.ബി.സി. വാര്യർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ: വെളിയിൽ ഈ സ്റ്റേറ്റ്മെന്റ് നടത്തിയതിനെ സംബന്ധിച്ച പ്രോപ്പൈറ്റി ഇവിടെ ഉന്നയിക്കുകയും അതെപ്പറ്റി വിവിധ മെമ്പർമാരുടെ അഭിപ്രായം ആരായുകയും ചെയ്തശേഷം അങ്ങ് റൂളിംഗും നൽകി. ആ റൂളിംഗിനെ പരാമർശിച്ചുകൊണ്ട് ഇൻസിനുവേഷനോടുകൂടി സ്റ്റേറ്റുമെന്റ് നടത്തിയത് നിയമസഭയുടെ പ്രൊസീഡിംഗ്സിൽനിന്നു റിമൂവുചെയ്യണം.

മി. സ്പീക്കർ: അങ്ങനെ എന്തെങ്കിലും ഇൻസിനുവേഷനുണ്ടെന്നു തോന്നിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ: സർ, ബഹുമാനപ്പെട്ട സരസ്വതിയമ്മ പറഞ്ഞതിലും ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞതിലും ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞതിലും ബഹുമാനപ്പെട്ട നഹ പറഞ്ഞതിലുമെല്ലാം തന്നെ അങ്ങയുടെ റൂളിംഗിനെ ആക്ഷേപിക്കുന്നതരത്തിൽ ആണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇൻസിനുവേഷനാണെന്ന് ബഹുമാനപ്പെട്ട വാര്യർ പറഞ്ഞു. അഴിമതിയുടെ പ്രശ്നം ചർച്ചചെയ്യണമെന്നാണ് ഞങ്ങളാവശ്യപ്പെട്ടത്. അതു ചർച്ചചെയ്തില്ല. ചർച്ചചെയ്തശേഷമാണെങ്കിൽ.....

ശ്രീ. പി. സീതിഹാജി: സർ, എനിക്കൊരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. ഞാൻ രാവിലെതന്നെ പറഞ്ഞിരുന്നതാണ്. അങ്ങു വാക്കു പാലിക്കണം. (ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട പല അംഗങ്ങൾക്കും പല കാര്യങ്ങളെപ്പറ്റിയും സബ്മിഷൻ രൂപത്തിൽ അവതരിപ്പിക്കാൻ കാണും. പക്ഷേ, എല്ലാ കാര്യങ്ങളും ഈ സഭയിലുന്നയിക്കാൻ കഴിഞ്ഞെന്നുവരില്ല. ഇന്ന് നിയമനിർമ്മാണ നടപടിക്കുള്ള സമയംതന്നെ വളരെയേറെ കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തന്നെ മണി 10.30 ആയി. എത്രയാലും ഇപ്പോൾ അതിനു സമയം അനുവദിക്കാൻ നിവൃത്തിയില്ല.

(ബഹളം)

IV. നിയമനിർമ്മാണകാര്യം

(i) 1981-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ

Minister for Finance and Law (**Shri K. M. Mani**):

Sir, I move that the Kerala General Sales Tax (Amendment) Bill, 1981 as reported by the Subject Committee. I move that the bill be taken into consideration.

Minister of Education (**Shri Baby John**) Sir, I second it.

ശ്രീ. കെ. എം. മാണി: പൊതു വിൽപ്പന നികുതി (ഭേദഗതി) ബില്ലിലെ വ്യവസ്ഥകളിൽ കാതലായ മാറ്റങ്ങളൊന്നും ആവശ്യമില്ല എന്ന അഭിപ്രായമാണ് സബ്ജക്റ്റ് കമ്മിറ്റിക്കുള്ളത്. അതുകൊണ്ട് ബില്ല് അതേപടി പാസ്സാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് സബ് ജക്ട്കമ്മിറ്റി തിരിച്ചയച്ചിട്ടുള്ളത്. എത്രയും വേഗം നിയമസഭ ഈ ബില്ല് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ: ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "I move that the Kerala General Sales Tax (Amendment) Bill, 1981 be circulated for eliciting public opinion. സർക്കാർ ഈ ബില്ലിൽ ഏകമുഖ വിൽപ്പന നികുതിക്ക് വിധേയമാകുന്ന മൊത്തം വിൽപ്പനത്തുക പതിനായിരത്തിൽനിന്ന് പതിനയ്യായിരം രൂപവരേയും

LIBRARY ARCHIVES Kerala Legislative Assembly